**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 3096** **21.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**<u>കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമം നടപ്പാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം</u>**

**ശ്രീ. മഞ്ഞളാംകുഴി അലി**

**<u>ഉത്തരം</u>**

**ഡോ. കെ. ടി. ജലീൽ**
**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവുംവികസനവും) നിയമം റദ്ദ് ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് നാളിതുവരെ ഇതിനായി നടപടി സ്വീകരിക്കാത്തത്; | **(എ), (ബി) & (സി)**<br><br>2016 ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ചട്ടങ്ങൾ പൂർത്തിയായി വരുമ്പോൾ പ്രോജക്റ്റ് രജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്. കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| ബി) | നിലവിൽ നടന്നുവരുന്ന റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ കേന്ദ്ര നിയമം പ്രാബല്യത്തിൽ വന്ന് എത്ര ദിവസത്തിനകം രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥയുള്ളത്; ഈ കാലാവധി എന്നാണ് അവസാനിച്ചത്; നാളിതുവരെ ഇത്തരം എത്ര പ്രോജക്ടുകൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | |
| സി) | കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്; ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**